# പാർലമെന്ററികാര്യ ഇൻസ്റ്റിറ്റ്യൂട്ട്
## കേരള സർക്കാർ

കേരള സംസ്ഥാന പാർലമെന്ററികാര്യ വകുപ്പിന്റെ കീഴിൽ 2004 ജൂലൈ 22 മുതൽ പ്രവർത്തിച്ചുവരുന്ന സ്ഥാപനമാണ് പാർലമെന്ററികാര്യ ഇൻസ്റ്റിറ്റ്യൂട്ട്. രാഷ്ട്ര പുനർനിർമാണത്തിന്റെ ഭാഗമായി ജനാധിപത്യമൂല്യങ്ങളോട് കൂറുപുലർത്തുന്ന യുവതലമുറയെ വാർത്തെടുക്കുക എന്നതാണ് ഇൻസ്റ്റിറ്റ്യൂട്ടിന്റെ ലക്ഷ്യം. പാർലമെന്ററി ജനാധിപത്യം മെച്ചപ്പെടുത്തുന്നതിനായി സാമൂഹ്യ-രാഷ്ട്രീയ-അക്കാദമിക വിദഗ്ധരെയും വിദ്യാർത്ഥികളെയും സമൂഹത്തിലെ സാധാരണക്കാരെയും തമ്മിൽ കൂട്ടിച്ചേർക്കുന്ന ഒരു കണ്ണിയായി ഇൻസ്റ്റിറ്റ്യൂട്ട് പ്രവർത്തിച്ചുവരുന്നു. ഇൻസ്റ്റിറ്റ്യൂട്ടിന്റെ നേതൃത്വത്തിൽ പാർലമെന്ററി സംവിധാനവും ഭരണഘടനാമൂല്യങ്ങളും മതേതരത്വവും സംരക്ഷിക്കേണ്ടതിന്റെ പ്രാധാന്യത്തെക്കുറിച്ച് സാമൂഹ്യാവബോധം സൃഷ്ടിക്കുന്നതിന് നിരവധി പദ്ധതികൾ നടപ്പിലാക്കി വരുന്നു.

**ഉദ്ദേശ്യലക്ഷ്യങ്ങൾ**

പാർലമെന്ററികാര്യ ഇൻസ്റ്റിറ്റ്യൂട്ട് രൂപീകരിച്ചിരിക്കുന്നതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ താഴെപ്പറയുന്നവയാണ്.

1) പാർലമെന്ററി ജനാധിപത്യത്തിന്റെ ആരോഗ്യകരമായ വളർച്ചയ്ക്കുവേണ്ടി പുതിയ ആശയങ്ങളും ധാരണകളും ഉൽപാദിപ്പിക്കുന്നതിനുള്ള ഒരു പ്രാഥമിക ഏജൻസിയായി വർത്തിക്കുക.
2) ഒരു ജീവിതരീതിയെന്ന നിലയിലുള്ള ജനാധിപത്യത്തിന്റെ വളർച്ചയ്ക്കും വികാസത്തിനും അനുഗുണമായ പരിസ്ഥിതി സൃഷ്ടിക്കുക.
3) ഒരു ബഹുസ്വര സമൂഹത്തിന്റെ പൊതുതാൽപ്പര്യവും സാമൂഹികതാൽപ്പര്യങ്ങളും ഉൾപ്പെട്ട പ്രധാനപ്പെട്ട സംഗതികളിൽ കാഴ്ചപ്പാടുകളുടെയും അഭിപ്രായങ്ങളുടെയും സമന്വയം സൃഷ്ടിക്കുക.
4) നയരൂപീകരണത്തെയും നിയമനിർമാണത്തെയും സ്വാധീനിക്കുന്ന പൊതു താല്പര്യമുള്ള മേഖലകളിൽ ഗവേഷണം ഏറ്റെടുക്കുക.
5) പൊതുജീവിതത്തിന് പ്രസക്തമായിട്ടുള്ള ആഗോളതലത്തിലും ദേശീയതലത്തിലും പ്രാദേശികതലത്തിലും ഉളവാകുന്ന പ്രവണതകളെ സംബന്ധിച്ച വിവരങ്ങളുടെ ഒരു കൈമാറ്റ വേദിയായി പ്രവർത്തിക്കുക.

6) നയസംബന്ധമായും നിയമനിർമ്മാണ സംബന്ധമായുള്ള വിവക്ഷകൾ ഉള്ളതായി പുറത്തുവന്നുകൊണ്ടിരിക്കുന്ന പൊതുജീവിതത്തിലെ ചിന്തകളും പ്രവണതകളും ശേഖരിക്കുകയും ഒത്തുനോക്കുകയും സ്വാംശീകരിക്കുകയും സർക്കാരിന് എത്തിച്ചു കൊടുക്കുകയും ചെയ്യുക.

7) പൊതുജനങ്ങൾക്കും തിരഞ്ഞെടുക്കപ്പെട്ട ജനപ്രതിനിധികൾക്കും ഇടയിൽ ഒരു കണ്ണിയായി വർത്തിക്കുക.

8) പാർലമെന്ററി ജനാധിപത്യത്തിന്റെ ആരോഗ്യകരമായ പ്രവർത്തനത്തിനു പ്രസക്തമായിട്ടുള്ള മേഖലകളിൽ ജനാധിപത്യപരമായ ഭരണത്തിൽ തൽപ്പര കക്ഷികളായിട്ടുള്ള എല്ലാവർക്കും പരിശീലനം നൽകുക.

9) ആശയങ്ങൾ കൈമാറുന്നതിനും അനുഭവങ്ങൾ പങ്കുവയ്ക്കുന്നതിനുംവേണ്ടി മേഖലാതലത്തിലും ദേശീയതലത്തിലും ആഗോളതലത്തിലുമുള്ള പാർലമെന്ററി സ്ഥാപനങ്ങളുമായി സഹകരിച്ചു പ്രവർത്തിക്കുക.

10) ജനാധിപത്യപരമായ പ്രവർത്തനത്തിന്റെയും ജീവിതത്തിന്റെയും ഭരണനിർവഹണത്തിന്റെയും ഉദ്ദേശ്യങ്ങളെ പോഷിപ്പിക്കുന്നതിനുവേണ്ടി സംയുക്ത സംരംഭങ്ങൾ ഏറ്റെടുക്കുന്നതിനായി പാർലമെന്ററി സ്ഥാപനങ്ങൾ, ഗവേഷണ-അക്കാദമിക സംഘങ്ങൾ, സർക്കാർ, സർക്കാരേതര സംഘടനകൾ, പൊതു-സ്വകാര്യ ഏജൻസികൾ എന്നിവയുമായി ചലനാത്മകമായ പങ്കാളിത്തം സ്ഥാപിക്കുക.

11) ജനാധിപത്യപരമായ ഭരണനടത്തിപ്പിൽ ലോകത്തിലെ ഏറ്റവും മികച്ച പാർലമെന്ററി ജനാധിപത്യരംഗത്തു പ്രവർത്തിക്കുന്നവരെ പരിചയപ്പെടുത്തുന്നതിനായി ദേശീയവും അന്തർദേശീയവുമായ തലങ്ങളിൽ കൈമാറ്റ പരിപാടികൾ ഏറ്റെടുക്കുക.

12) മേൽപ്പറഞ്ഞ ഉദ്ദേശ്യലക്ഷ്യങ്ങളെ പരിപോഷിപ്പിക്കുന്നതിനുവേണ്ടി സംസ്ഥാനത്തിനകത്തും പുറത്തും സ്ഥാപനങ്ങൾ ഉണ്ടാക്കുക.

13) ഇൻസ്റ്റിറ്റ്യൂട്ടിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ നേടുന്നതിനായി ഫലപ്രദമായ ഒരു ശൃംഖല രൂപീകരിക്കുന്നതിനായി സമാനമനസ്കരായ സ്ഥാപനങ്ങളുമായി സമന്വയമുണ്ടാക്കുക.

14) ജനപ്രതിനിധികൾക്കും സർക്കാർ വകുപ്പുകൾക്കും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കും പൊതുജനങ്ങൾക്കുംവേണ്ടി പരിശീലനങ്ങളും സമ്മേളനങ്ങളും ശില്പശാലകളും സെമിനാറുകളും സംഘടിപ്പിക്കൽ ഏറ്റെടുക്കുകയും അതിനെ സഹായിക്കുകയും ചെയ്യുക.

15) പാർലമെന്ററി ജനാധിപത്യത്തിന്റെ മഹാന്മാരായ നേതാക്കളുടെ ജീവിതവും പ്രവർത്തനവും പരിചയപ്പെടുത്തുകയും അവരുടെ സ്മരണ നിലനിർത്തുകയും ചെയ്യുക.

16) രാജ്യത്ത് ആരോഗ്യകരമായ പാർലമെന്ററി വഴക്കങ്ങളെപ്പറ്റി അവബോധം സൃഷ്ടിക്കുകയും സാമൂഹിക പരിവർത്തനത്തിനും സാമ്പത്തിക വികസനത്തിനുമുള്ള ഒരു ഉപകരണമായി പാർലമെന്ററി സ്ഥാപനങ്ങളെ മാറ്റിത്തീർക്കുകയും ചെയ്യുക.

17) പാർലമെന്ററി സാഹിത്യം തയ്യാറാക്കുന്നതിനെയും ഉപയോഗിക്കുന്നതിനെയും പ്രോത്സാഹിപ്പിക്കുക.

18) സ്ത്രീകളെ മുഖ്യധാരയിലേക്ക് കൊണ്ടുവരുകയെന്ന ലക്ഷ്യം നേടിയെടുക്കത്തക്കവിധം ജനാധിപത്യപരമായ തീരുമാനങ്ങൾ എടുക്കുന്നതിൽ സ്ത്രീകളുടെ സജീവ പങ്കാളിത്തം ഉറപ്പുവരുത്തുക.

19) യുവജനങ്ങൾക്കിടയിൽ പാർലമെന്ററി വഴക്കങ്ങളെപ്പറ്റിയുള്ള ധാരണ പരിപോഷിപ്പിക്കുക.

20) ഇൻസ്റ്റിറ്റ്യൂട്ടിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ മുമ്പോട്ട് പോകുന്നതിനുള്ള മറ്റ് പ്രവർത്തനങ്ങൾ ഏറ്റെടുക്കുക.

<u>നടത്തിപ്പ്</u>

ഇൻസ്റ്റിറ്റ്യൂട്ടിന്റെ കാര്യങ്ങളുടെ നടത്തിപ്പ് ഇൻസ്റ്റിറ്റ്യൂട്ടിന്റെ ചട്ടങ്ങളിൽ വ്യവസ്ഥ ചെയ്തിരിക്കുന്ന പ്രകാരം ബോർഡ് ഓഫ് ഗവർണേഴ്സ്, നിർവാഹക സമിതി (എക്സിക്യൂട്ടീവ് കൗൺസിൽ), ഇൻസ്റ്റിറ്റ്യൂട്ടിന്റെ ഡയറക്ടർ എന്നിവരിൽ നിക്ഷിപ്തമായിരിക്കുന്നതാണ്.

**ബോർഡ് ഓഫ് ഗവർണേഴ്സ്**

പാർലമെന്ററികാര്യ ഇൻസ്റ്റിറ്റ്യൂട്ടിന്റെ പൊതുവായ മേൽനോട്ടവും ഭരണവും നയപരമായ കാര്യങ്ങളും ചെയ്യുന്നത് അതിന്റെ പരമോന്നത സമിതിയായ ബോർഡ് ഓഫ് ഗവർണേഴ്സ് ആണ്. ബോർഡ് ഓഫ് ഗവർണേഴ്സിന്റെ പ്രസിഡന്റ് കേരള സർക്കാരിലെ ബഹു. പാർലമെന്ററികാര്യ വകുപ്പ് മന്ത്രിയും, വൈസ് പ്രസിഡന്റ് കേരള സർക്കാരിലെ പാർലമെന്ററികാര്യ വകുപ്പിന്റെ പ്രിൻസിപ്പൽ സെക്രട്ടറിയുമാണ്.

| | |
|---|---|
| **പ്രസിഡന്റ്** | ബഹു. പാർലമെന്ററികാര്യ വകുപ്പ് മന്ത്രി |
| **വൈസ് പ്രസിഡന്റ്** | പ്രിൻസിപ്പൽ സെക്രട്ടറി , പാർലമെന്ററികാര്യ വകുപ്പ് |
| **അംഗങ്ങൾ :** | സെക്രട്ടറി, ആസൂത്രണ-സാമ്പത്തിക കാര്യ വകുപ്പ് |
| | അഡീഷണൽ ചീഫ് സെക്രട്ടറി, ധനകാര്യ വകുപ്പ് |
| | സെക്രട്ടറി, തദ്ദേശ സ്വയംഭരണ വകുപ്പ് |
| | പ്രിൻസിപ്പൽ സെക്രട്ടറി, വിവര-പൊതുജനസമ്പർക്ക വകുപ്പ് |
| | വൈസ് ചാൻസലർ, കേരള യൂണിവേഴ്സിറ്റി |
| | ഡയറക്ടർ, ഐ.എം.ജി |
| | ശ്രീ. എം.വിജിൻ എം.എൽ.എ (കല്ല്യാശ്ശേരി നിയമസഭാ മണ്ഡലം) |
| | ശ്രീ. എസ്.ആർ ശക്തിധരൻ, ശക്തിഗീതം, ഹൗസ് നം. 5, ശാന്തി നഗർ, തിരുവനന്തപുരം-1 |
| | ഡയറക്ടർ ജനറൽ, പാർലമെന്ററികാര്യ ഇൻസ്റ്റിറ്റ്യൂട്ട് |

## എക്സിക്യൂട്ടീവ് കൗൺസിൽ

ബോർഡ് ഓഫ് ഗവർണേഴ്സിന്റെ മൊത്തത്തിലുള്ള മേൽനോട്ടത്തിനും നയപരമായ നിർദ്ദേശങ്ങൾക്കും വിധേയമായി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പാർലമെന്ററി അഫയേഴ്സിന്റെ മാനേജ്മെന്റും ഭരണവും നിയന്ത്രണവും എക്സിക്യൂട്ടീവ് കൗൺസിലിന്റെ ഉത്തരവാദിത്വമാണ്. ഡയറക്ടർ ജനറലാണ് എക്സിക്യൂട്ടീവ് കൗൺസിലിന്റെ ചെയർമാൻ.

**ചെയർമാൻ** ഡോ. ബിവീഷ്. യു. സി,
ഡയറക്ടർ ജനറൽ
ഫോൺ: 0471-2331080

**അംഗങ്ങൾ :** ശ്രീ. എം.വിജിൻ എം.എൽ.എ (കല്യാശ്ശേരി നിയമസഭാ മണ്ഡലം)

ശ്രീ. എസ് ആർ. ശക്തിധരൻ, ശക്തിഗീതം, ഹൗസ് നം. 5,
ശാന്തി നഗർ, തിരുവനന്തപുരം -1

## ഡയറക്ടർ ജനറൽ

**പ്രധാന അധികാരങ്ങൾ**

ഇൻസ്റ്റിറ്റ്യൂട്ടിന്റെ പ്രവർത്തനങ്ങളും പരിപാടികളും കൈകാര്യംചെയ്യുന്നതോ അവയുമായി ബന്ധപ്പെട്ടതോ ആയ പുസ്തകങ്ങൾ, ആനുകാലികങ്ങൾ, പ്രദർശന സാമഗ്രികൾ, ചലച്ചിത്രങ്ങൾ, സ്ലൈഡുകൾ, ഗസറ്റുകൾ, ലഘുലേഖകൾ, മറ്റു ശ്രാവ്യ-ദൃശ്യ വസ്തുക്കൾ എന്നിവ നേരിട്ടോ ഏജൻസികൾ മുഖേനയോ അച്ചടിക്കുകയും പ്രസിദ്ധീകരിക്കുകയും പുറപ്പെടുവിക്കുകയും ആർജ്ജിക്കുകയും സർക്കുലേറ്റു ചെയ്യുകയും ചെയ്യുക.

i) ഇൻസ്റ്റിറ്റ്യൂട്ടിന്റെ ഉദ്ദേശ്യലക്ഷ്യങ്ങളും പരിപാടികളും മുമ്പോട്ടുകൊണ്ടുപോകുന്നതിനുള്ള പ്രവർത്തനങ്ങൾക്കുവേണ്ടി പ്രൊഫഷണലും സാങ്കേതികവുമായ ഉപദേഷ്ടാക്കളെയും കൺസൽട്ടന്റുമാരെയും വിദഗ്ധരെയും റിസോഴ്സ് പേഴ്സണുകളെയും പ്രോജക്ട് പേഴ്സണലുകളെയും താൽക്കാലികമായി നിയമിക്കുകയോ നിലനിർത്തുകയോ നിയോഗിക്കുകയോ ചെയ്യുകയും അവർക്ക്, ഉചിതമെന്ന് കരുതുന്ന വിധത്തിലും അവരുടെ പ്രവൃത്തി നിർവഹണത്തിന് ആനുപാതികമായ വിധത്തിലുള്ളതുമായ ഓണറേറിയമോ ഫീസോ പ്രതിഫലമോ നഷ്ടപരിഹാരമോ യാത്രച്ചെലവുകളോ താമസച്ചെലവുകളോ ആനുഷംഗിക ചെലവുകളോ നൽകുകയും ചെയ്യുക.

iii) രാജ്യത്തിനുള്ളിൽനിന്നോ വിദേശത്തുനിന്നോ പണ്ഡിതന്മാരെയും പ്രൊഫഷണലുകളെയും വിദഗ്ധരെയും അവരുടെ അറിവും ജ്ഞാനവും അനുഭവ പരിചയവും കൊണ്ട് ഇൻസ്റ്റിറ്റ്യൂട്ടിനു പ്രയോജനം ലഭിക്കുന്നതിനുവേണ്ടി ക്ഷണിച്ചു വരുത്തുക. എന്നാൽ വിദേശത്തു നിന്നും ആളുകളെ ക്ഷണിച്ചു വരുത്തുന്നതിന് ബോർഡ് ഓഫ് ഗവർണേഴ്സിന്റെ അംഗീകാരം നേടിയിരിക്കേണ്ടതാണ്.

ഇൻസ്റ്റിറ്റ്യൂട്ടിന്റെ മുഖ്യ ഭരണ നിർവാഹകനും അക്കാദമിക തലവനുമെന്ന നിലയിൽ ഇൻസ്റ്റിറ്റ്യൂട്ടിന്റെ ശരിയായ ഭരണ നിർവഹണത്തിനും അക്കാദമിക കാര്യങ്ങളുടെ നടത്തിപ്പിനും ഡയറക്ടർ ജനറൽ ഉത്തരവാദി ആയിരിക്കുന്നതാണ്. അദ്ദേഹം ഇൻസ്റ്റിറ്റ്യൂട്ടിന്റെ മറ്റെല്ലാ ഉദ്യോഗസ്ഥന്മാരുടെയും ജീവനക്കാരുടെയും കർത്തവ്യങ്ങൾ നിർണയിക്കേണ്ടതും ഈ ചട്ടങ്ങൾക്കും ബൈലോ എന്തെങ്കിലുമുണ്ടെങ്കിൽ അതിനും വിധേയമായി, ആവശ്യമായേക്കാവുന്ന വിധമുള്ള മേൽനോട്ടവും അച്ചടക്കപരമായ നിയന്ത്രണവും വഹിക്കേണ്ടതുമാണ്.

**രജിസ്ട്രാർ:-** ഇൻസ്റ്റിറ്റ്യൂട്ടിന്റെ രജിസ്ട്രാറുടെ പ്രധാന ഉത്തരവാദിത്വങ്ങൾ താഴെ പറയുന്നവയാണ് .

(എ) ബോർഡിന്റെയും നിർവാഹകസമിതിയുടെയും ഉപസമിതികളുടെയും യോഗങ്ങളുടെ നോട്ടീസ് നൽകൽ;

(ബി) യോഗങ്ങളുടെ രേഖകൾ പരിപാലിക്കുകയും അവ അംഗങ്ങൾക്ക് സർക്കുലേറ്റ് ചെയ്യുകയും ചെയ്യൽ;

(സി) രജിസ്റ്ററുകൾ പരിപാലിക്കൽ.

(ഡി) ഡയറക്ടർ ജനറൽ നിശ്ചയിക്കുന്ന പ്രകാരമുള്ള മറ്റു കർത്തവ്യങ്ങൾ നിർവഹിക്കൽ.

## ഇൻസ്റ്റിറ്റ്യൂട്ടിലെ ഓഫീസർമാർ

| | |
|---|---|
| ഡയറക്ടർ ജനറൽ | ഡോ. ബിവീഷ്. യു. സി (അന്യത്ര സേവനം) |
| രജിസ്ട്രാർ | ശ്രീ. ജയകുമാർ ബി (അന്യത്ര സേവനം) |

## ഇൻസ്റ്റിറ്റ്യൂട്ടിലെ മറ്റ് ജീവനക്കാർ

| | |
|---|---|
| ക്ലർക്ക് കം കമ്പ്യൂട്ടർ ഓപ്പറേറ്റർ | ശ്രീമതി. മിലൻ ബി. രവി (അന്യത്ര സേവനം) |
| പ്രോഗ്രാം ഓഫീസർ | ശ്രീമതി. ശോഭ പി. എസ്. (എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് നിയമനം) |
| റിസർച്ച് ഫെലൊ | ഒഴിവ് |
| ഡാറ്റ എൻട്രി ഓപ്പറേറ്റർ/ടൈപ്പിസ്റ്റ് | ഒഴിവ് |
| ഡ്രൈവർ കം ഓഫീസ് അറ്റൻഡന്റ് | ശ്രീ. പ്രജിത്ത്കുമാർ പി. (ദിവസവേതനം) |
| കാഷ്വൽ സ്വീപ്പർ | ശ്രീമതി. ശാന്ത. പി (കുടുംബശ്രീ മുഖേനയുള്ള നിയമനം) |

# വിവരാവകാശ നിയമം

സംസ്ഥാന പബ്ലിക് ഇൻഫർമേഷൻ ഓഫീസർ

**രജിസ്ട്രാർ**
പാർലമെന്ററികാര്യ ഇൻസ്റ്റിറ്റ്യൂട്ട്
കേരള സർക്കാർ
ബിൽഡിംഗ് നം. 32,
റ്റി സി 81/1051, ശാന്തി നഗർ, ഗവ. പ്രസ്സിനു സമീപം
തിരുവനന്തപുരം-695001
0471-2339266

**അപ്പീൽ അതോറിറ്റി**

**ഡയറക്ടർ ജനറൽ**
പാർലമെന്ററികാര്യ ഇൻസ്റ്റിറ്റ്യൂട്ട്

## ഓഫീസ്/ലൈബ്രറി പ്രവർത്തന സമയം

ഇൻസ്റ്റിറ്റ്യൂട്ടിന്റെയും ലൈബ്രറിയുടെയും പ്രവർത്തനസമയം രാവിലെ 10.15 മുതൽ 5.15 വരെയാണ്. പാർലമെന്ററി സംവിധാനം, ഭരണഘടന, ഗാന്ധി-അംബേദ്കർ പഠനങ്ങൾ, മനുഷ്യാവകാശം, സാമ്പത്തികശാസ്ത്രം, മാധ്യമം, രാഷ്ട്രമീമാംസ, ചരിത്രം എന്നീ മേഖലകളിൽപ്പെട്ട ആയിരത്തോളം പുസ്തകങ്ങൾ ഇൻസ്റ്റിറ്റ്യൂട്ട് ലൈബ്രറിയിൽ ലഭ്യമാണ് ഗവേഷകരും പൊതുജനങ്ങൾക്കും മുൻകൂർ അനുമതിയുടെ അടിസ്ഥാനത്തിൽ ഇൻസ്റ്റിറ്റ്യൂട്ട് റഫറൻസ് ലൈബ്രറി ഉപയോഗപ്പെടുത്താവുന്നതാണ്.

## കഴിഞ്ഞ 5 വർഷത്തെ ഗ്രാന്റ്-ഇൻ-എയ്ഡ് വിനിയോഗം സംബന്ധിച്ച സ്റ്റേറ്റ്മെന്റ്

| ക്രമ നമ്പർ | വർഷം | ഗ്രാന്റ്-ഇൻ-എയ്ഡായി അനുവദിച്ച തുക | വിനിയോഗിച്ച തുക |
|---|---|---|---|
| 1. | 2019-20 | 63,59,490 | 98,93,652.47 |
| 2. | 2020-21 | 85,73,416 | 56,12,576.60 |
| 3. | 2021-22 | 62,22,500 | 70,59,636.50 |
| 4. | 2022-23 | 69,00,000 | 79,57,342.00 |
| 5. | 2023-24 | 87,66,000 | 87,41,758.00 |